**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6452** **10-07-2024 - ൽ മറുപടിയ്ക്ക്**

**പാറശ്ശാല മണ്ഡലത്തിലെ ഭവന രഹിതർക്കുള്ള ഭവന നിർമ്മാണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി കെ ഹരീന്ദ്രൻ** | | **ശ്രീ ഒ . ആർ. കേളു (പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പാറശ്ശാല മണ്ഡലത്തിൽ വനാവകാശ നിയമപ്രകാരം കൈവശരേഖ ലഭിക്കാനുള്ള അപേക്ഷകരെ സംബന്ധിച്ച വിവരങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ; | (എ) | **പാറശ്ശാല മണ്ഡലത്തിൽ അമ്പൂരി ഗ്രാമപഞ്ചായത്തിലെ 30 പട്ടികവർഗ്ഗ അപേക്ഷകർക്ക് വനാവകാശ നിയമപ്രകാരം കൈവശരേഖ നൽകാനുണ്ട്.** |
| (ബി) | ഭവനരഹിതർക്കുള്ള ഭവനനിർമ്മാണ പദ്ധതിക്കായി പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിന് നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുക എത്രയാണ്; ഇതിൽ എത്ര തുക നാളിതുവരെ ചെലവഴിച്ചിട്ടുണ്ടെന്നും വകുപ്പ് മുഖേനയുള്ള ഭവന നിർമ്മാണത്തിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും പാറശ്ശാല നിയോജകമണ്ഡലത്തിൽ എത്ര ഭവനങ്ങൾ നിർമ്മിച്ചുവെന്നുമുള്ള വിവരം ലഭ്യമാക്കുമോ; | (ബി) | പട്ടികജാതി വികസന വകുപ്പ് മുഖേന നിലവിൽ ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നില്ല. സംസ്ഥാനത്തെ പട്ടികജാതി വിഭാഗക്കാരുടെ ഭവന നിർമ്മാണം ലൈഫ് മിഷൻ മുഖേനയാണ് നടപ്പിലാക്കുന്നത്.<br><br>പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ജനറൽ ഹൗസിംഗ് ശീർഷകത്തിൽ നടപ്പ് സാമ്പത്തികവർഷം 7000 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ആയതിൽ 1599.39386 ലക്ഷം രൂപ നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്. പാറശ്ശാല നിയോജക മണ്ഡലത്തിൽ നടപ്പ് വർഷം ഭവന നിർമ്മാണത്തിന് പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും തുക അനുവദിച്ച് നൽകിയിട്ടില്ല. |
| (സി) | പ്രസ്തുത ഫണ്ടിൽ നിന്നും ലൈഫ് പദ്ധതിയിലേക്ക് തുക കൈമാറിയിട്ടുണ്ടോ; എങ്കിൽ കൈമാറിയ തുക എത്രയാണ്; പ്രസ്തുത പദ്ധതി പ്രകാരം നടപ്പ് സാമ്പത്തിക വർഷം നാളിതുവരെ പാറശ്ശാല നിയോജകമണ്ഡലത്തിൽ എത്ര പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വീട് നിർമ്മിച്ചു നൽകി; ഇനം തിരിച്ചുള്ള വിവരം പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ? | (സി) | സംസ്ഥാനത്തെ പട്ടികജാതി വിഭാഗക്കാരുടെ ഭവന നിർമ്മാണത്തിനായി ലൈഫ് മിഷന് 300.00 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിൽ 60.00 കോടി രൂപ ലൈഫ് മിഷന് കൈമാറിയിട്ടുണ്ട്.<br><br>നടപ്പ് സാമ്പത്തികവർഷം ലൈഫ് മിഷന് അനുവദിച്ച തുക വിനിയോഗിച്ച് പാറശ്ശാല നിയോജക മണ്ഡലത്തിൽ പട്ടികജാതി ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണം അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.<br><br>നടപ്പ് വർഷം പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും ലൈഫ് മിഷന് തുക അനുവദിച്ച് നൽകിയിട്ടില്ല. നടപ്പ് വർഷം പാറശ്ശാല നിയോജക മണ്ഡലത്തിൽ |

പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് അനുവദിച്ച വീടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| **ഗ്രാമപഞ്ചായത്ത്** | **അനുവദിച്ച വീടുകളുടെ എണ്ണം** |
|---|---|
| കള്ളിക്കാട് | 2 |
| അമ്പൂരി | 28 |
| **ആകെ** | **30** |

സെക്ഷൻ ഓഫീസർ